**"ഭരണഭാഷ- മാതൃഭാഷ"** **കേരള സർക്കാർ**

നമ്പർ. J3/113/2024-LBRD
തൊഴിലും നൈപുണ്യവും (ജെ) വകുപ്പ്
തിരുവനന്തപുരം
തിയതി: 03-07-2025

<u>അനൗദ്യോഗിക കുറിപ്പ്</u>

വിഷയം:- തൊഴിലും നൈപുണ്യവും വകുപ്പ് - പുനലൂർ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിലെ തൊഴിലാളികൾക്ക് ബോണസും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ച് കൊണ്ട് 13.09.2024-ലെ സ.ഉ.(കൈ)നം.33/2024/തൊഴിൽ ഉത്തരവ് പുറപ്പെടുവിച്ച തൊഴിൽ വകുപ്പിന്റെ നടപടി സാധൂകരിച്ചത് - സംബന്ധിച്ച്

സൂചന:- 02.07.2025-ലെ മന്ത്രിസഭാ യോഗതീരുമാനം (ഇനം.3092)

സൂചനയിലേയ്ക്ക് പൊതുഭരണ (എസ്.സി) വകുപ്പിന്റെ ശ്രദ്ധ ക്ഷണിക്കാവുന്നതും പുനലൂർ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിലെ തൊഴിലാളികൾക്ക് ബോണസും മറ്റ് ആനുകൂല്യങ്ങളും അനുവദിച്ച് കൊണ്ട് 13.09.2024-ലെ സ.ഉ.(കൈ) 33/2024/തൊഴിൽ നമ്പർ ഉത്തരവ് പുറപ്പെടുവിച്ച തൊഴിൽ വകുപ്പിന്റെ നടപടി 02.07.2025-ലെ മന്ത്രിസഭാ യോഗം സാധൂകരിച്ചതിനാൽ, ഈ വിഷയത്തിൽ തുടർ ഉത്തരവ് പുറപ്പെടുവിക്കേണ്ടതില്ലെന്നുള്ള വിവരം പ്രസ്തുത വകുപ്പിനെ അറിയിക്കാവുന്നതുമാണ്.

ലിയാ ലത്തീഫ് എ
അണ്ടർ സെക്രട്ടറി

**പൊതുഭരണ (എസ്.സി) വകുപ്പ്**

ഉത്തരവിൻ പ്രകാരം

Signed by
Reese. V. A
Date: 03-07-2025 15:25:09
സെക്ഷൻ ഓഫീസർ.

രഹസ്യം

# കേരള സർക്കാർ

# മന്ത്രിസഭായോഗത്തിന്റെ നടപടിക്കുറിപ്പുകൾ

## തീയതി : 02-07-2025

ഫയൽ നം. ജെ3/113/2024/തൊഴിൽ. ഇനം നം: 3092

വിഷയം : തൊഴിലും നൈപുണ്യവും വകുപ്പ് - പുനലൂർ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിലെ തൊഴിലാളികൾക്കും ജീവനക്കാർക്കും 2023-24 വർഷത്തിൽ 20% ബോണസ് വിതരണം ചെയ്യുന്നതിനായി 13.09.2024-ലെ സ.ഉ.(കൈ).നം.33/2024/തൊഴിൽ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ച നടപടി സാധൂകരിക്കുന്നത്.

തീരുമാനം : സാധൂകരിച്ചു.

(ഒപ്പ്)
പിണറായി വിജയൻ
മുഖ്യമന്ത്രി

(ശരിപ്പകർപ്പ്)

ഡോ. എ. ജയതിലക്
ചീഫ് സെക്രട്ടറി

സെക്രട്ടറി, തൊഴിലും നൈപുണ്യവും വകുപ്പ്.

3/7/25

3092

കേരള സർക്കാർ

**(ശ്രീ.പിണറായി വിജയൻ മന്ത്രിസഭ)**

**മന്ത്രിസഭായോഗത്തിനുള്ള കുറിപ്പ്**

| | | | |
|---|---|---|---|
| 1 | ഫയൽ നമ്പർ | : | ജെ3/113/2024/തൊഴിൽ |
| 2 | വകുപ്പ് | : | തൊഴിലും നൈപുണ്യവും (ജെ) വകുപ്പ് |
| 3 | വിഷയം | : | പുനലൂർ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിലെ തൊഴിലാളികൾക്കും ജീവനക്കാർക്കും 2023-24 വർഷത്തിൽ 20% ബോണസ് വിതരണം ചെയ്യുന്നതിനായി 13.09.2024-ലെ സ.ഉ.(കൈ)നം.33/2024/തൊഴിൽ നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ച നടപടി സാധൂകരിക്കുന്നത് - സംബന്ധിച്ച് |
| 4 | മന്ത്രിസഭാ യോഗത്തിൽ സമർപ്പിക്കാനുള്ള മുഖ്യമന്ത്രിയുടെ ഉത്തരവ് തീയതി | : | 31.05.2025 |
| 5 | (i) ഇത് സാമ്പത്തിക ബാധ്യതയുള്ളതാണോ? | : | അതെ |
| | ii) സാമ്പത്തിക ബാധ്യതയുള്ളതാണെങ്കിൽ ധനകാര്യ വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭായോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഉണ്ട് |
| 6 | മറ്റേതെങ്കിലും വകുപ്പുമായി ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവരുടെ അഭിപ്രായം മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടോ? | : | ഇല്ല |
| 7 | കുറിപ്പ് സമർപ്പിച്ച അഡീഷണൽ സെക്രട്ടറിയുടെ പേര് | : | ശ്രീമതി. എൻ കെ ചന്ദ്ര |
| 8 | കുറിപ്പ് അംഗീകരിച്ച സെക്രട്ടറിയുടെ പേര് | : | ഡോ.കെ വാസുകി |
| 9 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 21.06.2025 |
| 10 | കുറിപ്പ് അംഗീകരിച്ച ചീഫ് സെക്രട്ടറിയുടെ പേര് | : | ഡോ.എ.ജയതിലക് |
| 11 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് ചീഫ് സെക്രട്ടറി അംഗീകരിച്ച തീയതി | : | 24.06.2025 |
| 12 | കുറിപ്പ് അംഗീകരിച്ച മന്ത്രിയുടെ പേര് | : | ശ്രീ.വി ശിവൻകുട്ടി |
| 13 | മന്ത്രിസഭയ്ക്കുള്ള കരട് കുറിപ്പ് മന്ത്രി അംഗീകരിച്ച തീയതി | : | 25.06.2025 |
| 14 | കുറിപ്പിന്റെ പകർപ്പുകൾ സമർപ്പിച്ച തീയതി | : | 27.06.2025 |
| 15 | മന്ത്രിസഭായോഗം തീരുമാനമെടുത്ത തീയതി | : | |
| 16 | തീരുമാനം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ്/ കത്തിന്റെ നമ്പറും തീയതിയും | : | |

# മന്ത്രിസഭാ യോഗത്തിനുള്ള കുറിപ്പ്

പുനലൂർ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിലെ തൊഴിലാളികൾക്കും ജീവനക്കാർക്കും 2023-24 വർഷത്തെ ബോണസ് വിതരണം ചെയ്യുന്നതിനായി 13.09.2024-ലെ സ.ഉ.(കൈ)നം.33/2024/തൊഴിൽ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ച നടപടി സാധൂകരിക്കുന്നത് സംബന്ധിച്ചുള്ളതാണ് ഈ കുറിപ്പ്.

2. കേരളത്തിലെ പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് 2023-24 വർഷത്തെ ബോണസ് വിതരണം ചെയ്യുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ 05/09/2024-ലെ സ.ഉ.(അച്ചടി)63/2024/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം തൊഴിലും നൈപുണ്യവും വകുപ്പിൽ നിന്നും പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത മാർഗ്ഗ നിർദ്ദേശങ്ങളിൽ, പൊതുമേഖലാ സ്ഥാപനങ്ങൾ പേയ്മെന്റ് ഓഫ് ബോണസ് ആക്ട് പ്രകാരം അർഹതപ്പെട്ട ബോണസ് 8.33 ശതമാനത്തിൽ അധികരിച്ച് അനുവദിക്കാൻ പാടില്ല എന്ന് നിഷ്കർഷിച്ചിരുന്നു.

3. ധനകാര്യ വകുപ്പിന്റെ 13.09.2024-ലെ GO(Rt) 7001/2024/ധന ഉത്തരവ് പ്രകാരം 6250-60-800-94 (NV) എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള ലോൺ തുകയായ ഒരു കോടി രൂപ പുനലൂർ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിലെ തൊഴിലാളികൾക്ക് ബോണസും മറ്റ് ആനുകൂല്യങ്ങളും ലഭ്യമാക്കുന്നതിനായി ധനകാര്യ വകുപ്പിന്റെ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി 13.09.2024-ലെ G.O.(Rt)No.952/2024/തൊഴിൽ ഉത്തരവ് പുറപ്പെടുവിച്ചു.

4. തുടർന്ന്, 04/09/2024-ൽ ബഹു.തൊഴിൽ വകുപ്പ് മന്ത്രി, ആർ.പി.എൽ മാനേജ്മെന്റ്, ട്രേഡ് യൂണിയൻ നേതാക്കൾ എന്നിവരുമായി ചർച്ച നടത്തി കൈക്കൊണ്ട തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആർ.പി.എൽ-ലെ തൊഴിലാളികൾക്കും ജീവനക്കാർക്കും കഴിഞ്ഞ തവണത്തെ പോലെ 20% ബോണസ് അനുവദിച്ചുകൊണ്ട് 13.09.2024-ലെ സ.ഉ.(കൈ)നം.33/2024/തൊഴിൽ

പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചു. പ്രസ്തുത ഉത്തരവ് പുറപ്പെടുവിച്ച നടപടി സാധൂകരണത്തിനായി ധനകാര്യ വകുപ്പിന് അയച്ചപ്പോൾ ടി വകുപ്പ് ചുവടെ പറയും പ്രകാരം അഭിപ്രായം രേഖപ്പെടുത്തി.

**"ധനകാര്യ വകുപ്പിൽ കണ്ടു."**

**5.** പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് ബോണസ് നൽകുന്നതിന് മാർഗ്ഗനിർദ്ദേശങ്ങൾ നൽകികൊണ്ടുള്ള 05/09/2024-ലെ സ.ഉ.(അച്ചടി)63/2024/തൊഴിൽ നമ്പർ ഉത്തരവിൽ ബോണസ് വിതരണം 8.33 ശതമാനത്തിൽ അധികരിക്കരുതെന്ന് ഉത്തരവായിരുന്നു. എന്നാൽ 04/09/2024-ൽ ബഹു.തൊഴിൽ വകുപ്പ് മന്ത്രി, ആർ.പി.എൽ മാനേജ്മെന്റ്, ട്രേഡ് യൂണിയൻ നേതാക്കൾ എന്നിവരുമായി നടത്തിയ ത്രികക്ഷി ചർച്ചയിലെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ആർ.പി.എൽ-ലെ തൊഴിലാളികൾക്കും ജീവനക്കാർക്കും കഴിഞ്ഞ തവണത്തെ പോലെ 20% ബോണസ് അനുവദിച്ചു നൽകണമെന്ന് തീരുമാനമായി. ആയതിന്റെ അടിസ്ഥാനത്തിൽ 13.09.2024-ലെ സ.ഉ.(കൈ)നം.33/2024/തൊഴിൽ നമ്പർ ഉത്തരവ് പ്രകാരം ആർ.പി.എൽ. ലെ തൊഴിലാളികൾക്കും ജീവനക്കാർക്കും കഴിഞ്ഞ തവണത്തെ പോലെ 20% ബോണസ് അനുവദിച്ചു നൽകി ഉത്തരവായി. 05/09/2024-ലെ സ.ഉ.(അച്ചടി)63/2024/തൊഴിൽ നമ്പർ ഉത്തരവിൽ ഒഴിവാക്കാനാകാത്ത സാഹചര്യങ്ങളിൽ ഉയർന്ന ബോണസ് പരിധി മന്ത്രിസഭായോഗത്തിന്റെ അംഗീകാരം നേടിയ ശേഷം ഭരണ വകുപ്പിന് തന്നെ തീരുമാനിക്കാവുന്നതാണ് എന്ന് നിഷ്കർഷിച്ചിരുന്നു. എന്നാൽ ഓണത്തിന് മുമ്പ് ബോണസ് നൽകേണ്ടതിനാൽ മന്ത്രിസഭായോഗത്തിന്റെ അംഗീകാരം തേടാനായില്ല. ഈ സാഹചര്യത്തിൽ 05/09/2024-ലെ സ.ഉ.(അച്ചടി)63/2024/തൊഴിൽ നമ്പർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളിൽ നിന്ന് വ്യതിചലിച്ചു കൊണ്ട് ആർ.പി.എൽ. ലെ തൊഴിലാളികൾക്കും ജീവനക്കാർക്കും 8.33% ബോണസ് എന്നതിന് പകരം 20%

ബോണസ് അനുവദിച്ച് ഉത്തരവ് പുറപ്പെടുവിച്ച നടപടി സാധൂകരിക്കുന്നതിനായി മന്ത്രിസഭായോഗത്തിന്റെ അംഗീകാരം തേടേണ്ടതായിട്ടുണ്ട്.

**6.** കമ്പനിയിലെ ജീവനക്കാർക്ക് 2023 – 2024 സാമ്പത്തിക വർഷം വിതരണം ചെയ്ത ബോണസും ഉത്സവബത്തയും സംബന്ധിച്ച വിശദാംശങ്ങൾ **അനുബന്ധമായി** ചേർക്കുന്നു.

**7.** ആർ.പി.എൽ തൊഴിലാളികൾക്കും ജീവനക്കാർക്കും 20% ബോണസ് അനുവദിച്ചുകൊണ്ട് 13.09.2024-ലെ സ.ഉ.(കൈ)നം.33/2024/തൊഴിൽ നമ്പർ ഉത്തരവ് പുറപ്പെടുവിച്ച നടപടി മന്ത്രിസഭായോഗത്തിൽ വച്ച് സാധൂകരിക്കുന്നതിന് ഫയൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ചംക്രമണം ചെയ്യുകയും ഈ വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കുവാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉത്തരവാകുകയും ചെയ്തു.

**<u>തീരുമാനിക്കേണ്ട വിഷയം</u>**

05/09/2024-ലെ സ.ഉ.(അച്ചടി) 63/2024/തൊഴിൽ നമ്പർ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളിൽ നിന്ന് വ്യതിചലിച്ചു കൊണ്ട് പുനലൂർ റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിലെ തൊഴിലാളികൾക്കും ജീവനക്കാർക്കും 8.33% ബോണസ് എന്നതിന് പകരം 2023-24 വർഷത്തിൽ 20% ബോണസ് വിതരണം ചെയ്യുന്നതിന് അനുമതി നൽകികൊണ്ട് 13.09.2024-ലെ സ.ഉ.(കൈ)നം.33/2024/തൊഴിൽ നമ്പർ ഉത്തരവ് പുറപ്പെടുവിച്ച നടപടി സാധൂകരിക്കാമോ?

<u>അനുബന്ധം</u>

**കമ്പനിയിലെ ജീവനക്കാർക്ക് 2023 –2024 സാമ്പത്തിക വർഷം വിതരണം ചെയ്ത ബോണസും ഉത്സവബത്തയും**

| ക്രമ നം | പോസ്റ്റ് | | ബോണസ്സ് | ഉത്സവ ബത്ത |
|---|---|---|---|---|
| 1 | ഫിനാൻസ് മാനേജർ | 1 | _ | 2750 |
| 2 | കമ്പനി സെക്രട്ടറി | 1 | _ | 2750 |
| 3 | ഡെപ്യൂട്ടി മാനേജർ (കൊമേർഷ്യൽ ) | 1 | _ | 2750 |
| 4 | ഡെപ്യൂട്ടി മാനേജർ | 4 | _ | 11000 |
| 5 | കൺസ്ട്രക്ഷൻ എഞ്ചിനീയർ (റിട്ടയേർഡ് ) | 1 | _ | 2750 |
| 6 | മാനേജർ | 2 | _ | 5500 |
| 7 | അസിസ്റ്റന്റ് മാനേജർ | 6 | _ | 16500 |
| 8 | റബ്ബർ ടെക്നോളജിസ്റ്റ് | 1 | _ | 2750 |
| 9 | അസിസ്റ്റന്റ് എഞ്ചിനീയർ | 1 | _ | 2750 |
| 10 | കെമിസ്റ്റ് | 1 | _ | 2750 |
| 11 | അസിസ്റ്റന്റ് കെമിസ്റ്റ് | 2 | _ | 5500 |
| 12 | അക്കൗണ്ടന്റ് | 3 | _ | 8250 |

| | | | | |
|---|---|---|---|---|
| 13 | ഇന്റേണൽ ഓഡിറ്റർ | 1 | — | 2750 |
| 14 | സിഎ/സ്റ്റെനോ-ടൈപ്പിസ്റ്റ് | 5 | — | 13750 |
| 15 | എസ്റ്റേറ്റ് മെഡിക്കൽ ഓഫീസർ | 1 | — | 2750 |
| 16 | അസിസ്റ്റന്റ് ഗ്രേഡ് I | 8 | — | 22000 |
| 17 | അസിസ്റ്റന്റ് ഗ്രേഡ് II | 4 | 47600 | 2750 |
| 18 | പ്യൂൺ | 11 | 23800 | 24750 |
| 19 | പ്യൂൺ കം സ്ട്രെച്ചറെർ ബെയറർ | 1 | — | 2750 |
| 20 | ടെലിഫോൺ ഓഫീസർ കം പ്യൂൺ | 1 | — | 2750 |
| 21 | സെലക്ഷൻ ഗ്രേഡ് അസിസ്റ്റന്റ് | 3 | — | 8250 |
| 22 | ഹോസ്പിറ്റൽ അറ്റന്റന്റ് | 2 | — | 5500 |
| 23 | ക്രെച്ച് അറ്റന്റന്റ് | 1 | — | 2750 |
| 24 | സ്റ്റോർ സൂപ്പർവൈസർ | 2 | — | 5500 |
| 25 | ഫീൽഡ് സൂപ്പർവൈസർ | 9 | — | 24750 |
| 26 | ഡ്രൈവർ | 12 | 26850 | 27500 |
| 27 | ടാപ്പിംഗ്/ജനറൽ വർക്ക് സൂപ്പർവൈസർ | 27 | — | 74250 |

| | | | | |
|---|---|---|---|---|
| 28 | സെക്യൂരിറ്റി സൂപ്പർവൈസർ | 1 | _ | 2750 |
| 29 | വെൽഫെയർ ഓഫീസർ | 1 | _ | 2750 |
| 30 | ഫാർമസിസ്റ്റ് | 1 | _ | 2750 |
| 31 | സെക്യൂരിറ്റി ഗാർഡ് | 7 | _ | 19250 |
| 32 | ഫുൾ ടൈം സ്വീപ്പർ | 2 | 16800 | 2750 |
| 33 | നഴ്സ് | 4 | _ | 11000 |
| 34 | ഓക്സിലറി നഴ്സ് കം മിഡ്‌വൈഫ് | 1 | _ | 2750 |
| 35 | സീനിയർ ഇലക്ട്രീഷ്യൻ | 1 | _ | 2750 |
| 36 | ഫോർമാൻ (ഷിഫ്റ്റ്) | 3 | _ | 8250 |
| 37 | ഫോർമാൻ (മെക്കാനിക്കൽ) | 1 | _ | 2750 |
| 38 | സൂപ്പർവൈസർ (ഫാക്ടറി) | 3 | _ | 8250 |
| 39 | മെക്കാനിക്കൽ ഹെൽപ്പർ | 1 | _ | 2750 |
| 40 | സ്റ്റോർ അറ്റൻഡന്റ് | 1 | _ | 2750 |
| 41 | ലാബ് അറ്റൻഡന്റ് | 1 | _ | 2750 |
| 42 | പ്ലംബർ | 1 | _ | 2750 |



G

| | | | | |
|---|---|---|---|---|
| 43 | ഇലക്ട്രിക്കൽ ഹെൽപ്പർ | 2 | 33580 | _ |
| 44 | സീനിയർ അക്കൗണ്ടന്റ്/സീനിയർ ഓഫീസ് സൂപ്പറിന്റെൻഡന്റ് | 2 | _ | 5500 |
| 45 | പാർട്ട് ടൈം സ്വീപ്പർ | 1 | 16800 | _ |
| 46 | മാനേജർ (ടെക്നിക്കൽ) | 1 | _ | 2750 |
| 47 | കൺസൾട്ടന്റ് | 1 | _ | 2750 |
| 48 | സ്കിൽഡ് വർക്കർ കം ചാർജ് ഹാൻഡ് | 2 | | 5500 |
| 49 | ടാപ്പർ | 1158 | 8512072 | _ |
| 50 | വിരമിച്ച ടാപ്പർ | | 1170509 | _ |
| 51 | ജനറൽ വർക്കർ | | 4279235 | _ |
| 52 | കാഷ്വൽ വർക്കർ | | 2128413 | _ |
| 53 | ഫാക്ടറി തൊഴിലാളികൾ | 51 | 728462 | _ |
| 54 | ലോഡിംഗ് വർക്കർ | 6 | 3267 | _ |
| | | **1365** | **16987388** | **382250** |
| **Total** | | | | **17369638** |